# നിറങ്ങൾ നിഴലുകൾ



മിണ്ടാതീവന വിജനതയികൽ
രണ്ടാൾ നാമീക്കല്പടവിൽ

ഒരു മഴവില്ലിലലിഞ്ഞു ലയിച്ചൊരു
നിറമായ് നിഴലായ്ത്തീരുന്നു.

ദൂരെത്തെങ്ങോ പിന്നിട്ടൊരു വഴി–
യമ്പലവെട്ടം മറയുന്നു.

എൻമാറത്തൊരു വാടിയ താമര
മലരിതളായ് നീ വീഴുന്നു.

നിൻ ചുടു നെറ്റിയിലെൻ വിരലൊരു കുളി–
രഞ്ജനമായിത്തീരുന്നു.

വിളറിയ നിൻ കവിളത്തെൻ കണ്ണീർ–
ത്തുള്ളികൾ മുത്തായ് മാറുന്നു.

എൻ മനമറിയും വേദന നിൻ കൺ–
മിഴിയിണയികൽ തെളിയുന്നു.

നിൻ മനമറിയും മധുരാഹ്ളാദം
എന്നകതാരിൽ നിറയുന്നു.

മിണ്ടാതീ വനവിജനതയികൽ
രണ്ടാൾ നാമീക്കല്പടവിൽ

ഒരു മഴവില്ലിലലിഞ്ഞു ലയിച്ചൊരു
നിറമായ് നിഴലായ്ത്തീരുന്നു. ■

**1971**

**For the English version of this poem, please see Hues and Shadows under POEMS.**